(ബി) ഗവണ്മെണ്ടു് കൈവശത്തിൽ ഈ ഫാക്ടറികൾ എടുത്തതിനുശേഷം എത്ര ടൺ ലോഹമണൽ ശേഖരിച്ചിട്ടുണ്ടു്. വാങ്ങുമ്പോൾ മൻസ്റ്റോക്കുണ്ടായിരുന്നെങ്കിൽ അതുൾപ്പടെ മൊത്തം എത്ര ടൺ കൈവശം വന്നു;

(സി) ഇതുവരെ ഓരൊ ഫാക്ടറിയും വിറ്റിട്ടുള്ള ലോഹമണലിന്റെ ടണ്ണേജ് എത്രവീതമാണു; ഇപ്പോൾ സ്റ്റോക്കു് എത്രവീതമുണ്ടു്;

(ഡി) ഗവണ്മെണ്ടു് വിദേശങ്ങളിലേക്കു നേരിട്ടു കയറ്റി അയക്കുന്നതിനു ഓർഡർ വാങ്ങാറുണ്ടോ, ഓർഡർ എടുക്കുന്നവർക്കു് സപ്ലൈ ചെയ്യുകയാണെന്നുള്ള ആക്ഷേപം ശരിയാണൊ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവണ്മെണ്ടിന്റെ കൈവശം ഇപ്പോൾ മോണോസൈറ്റ് ഫാക്ടറികൾ ഇല്ല. എന്നാൽ ഇൽമനയിറ്റ് മോണോസൈറ്റ മുതലായ ലോഹമണൽ വേർതിരിക്കുന്നതിനായി ട്രാവൻകൂർ മിനിറൽ കൺസേൺസു് എന്ന ഒരു വ്യവസായശാലയുണ്ടു്.

(ബി) ഈ ഫാക്ടറി ഫൻ ർ ൻ ജൂൺ ഫ-ാംന-ൽ കൈവശപ്പെടുത്തിയതു മുതൽ ഫൻ ർ ം ഒക്ടോബർ ഫന ാംന-വരെ ൻവ,ഫ ഫ ടൺ ഇൽമനയിറ്റ് ഉൽപ്പാദിപ്പിച്ചിട്ടുണ്ടു്. ഗവണ്മെണ്ടു് കൈവശം എടുത്തപ്പോൾ ഈ വ്യവസായശാലയിൽ ഫ ർ, ഫ ന്വ ടൺ ഇൽമനയിറ്റ് ഉണ്ടായിരുന്നു.

(സി) കമ്പനിയിൽനിന്നു ർ ർ, ന ർ ഫ ടൺ ഫ ഫ ഹൺഡ്രഡ്വൈറ്റ് ഇൽമനേറ്റ് വിറ്റിട്ടുണ്ടു്. ഇപ്പോൾ ർ ഫ, ഫ ഫ ർ ടൺ ഹൺഡ്രഡ്വൈറ്റ് ഇൽമനയിറ്റ് സ്റ്റോക്കുണ്ടു്.

(ഡി) ഉണ്ടു്. അധികവും നേരിട്ടയക്കുകയാണു്. എന്നാൽ വിദേശങ്ങളുമായി കച്ചവടം നടത്തുന്നവർക്കും ഗവണ്മെണ്ടിൽനിന്നും കുറെ ഇൽമനേറ്റ് വില്പന നടത്തുന്നുണ്ടു്.

മട്ടാഞ്ചേരിയിൽ നിന്നുള്ള മെമ്മൊറാണ്ടം

*ഫ ർ ർ ർ. (ർർ) സാഹിബ് ബഹദൂർ കെ. എച്ചു്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചീഫ് മിനിസ്റ്റർ മട്ടാഞ്ചേരി പട്ടണത്തിൽ ആദ്യം ഒരു പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ച അവസരത്തിൽ മട്ടാഞ്ചേരി മൂന്നാം വാർഡിൽ ഏകദേശം മൂന്നു കൊല്ലങ്ങൾക്കുമുമ്പു് ഒരു റോഡിനുവേണ്ടി സ്ഥലം എടുത്തു വീടുകൾക്കു് വില ഇരുത്തിപോയിട്ടു പണം കിട്ടാതിരിക്കുന്നതിനെക്കുറിച്ചു് ഒരു മെമ്മൊറാണ്ടം പ്രസ്തുത വീട്ടുകാർ തന്നിരുന്നുവോ;

(ബി) അതിനു് എന്തു പ്രതിവിധിയാണു് ചെയ്തതു്;

(സി) ഗവണ്മെണ്ടു് എടുത്തതുമൂലം പുര മേയാനും അറ്റകുറ്റങ്ങൾ തീർക്കാനും ധൈര്യമില്ലാത്തതിനാൽ ആ വീടുകൾ എല്ലാം നാമാവശേഷങ്ങൾ ആയിട്ടുള്ള അറിയാമൊ;

(ഡി) ഇനിയെങ്കിലും പ്രസ്തുത വീട്ടുകാർക്കു പണം കൊടുക്കാൻ ദയവുണ്ടാകുമൊ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇക്കാര്യത്തിൽ ചില ഹർജികൾ കിട്ടിയിട്ടുണ്ടു്.

(ബി) പണം ഉടനെ കൊടുക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടു്.

(സി) അറിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) (ബി)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

SABARIMALA TEMPLE

*1148. [77] **Sri. M. I. Paul:** Will the Hon'ble Chief Minister be pleased to state.—

(*a*) how far the enquiry on the Sabarimala incident has progressed or at what stage the matter is at present ; and

(*b*) what all actions the Government have taken so far ?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) The enquiry is proceeding.

(*b*) Everything possible to expedite the enquiry has been done. A Special Officer with a number of competent and reliable Police officers have been deputed for the purpose.

പോലീസ് ജീപ്പ്

* ക്ക ക്ക ൽ. (വ്യ) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ —

(എ) ഏതേതു സ്റ്റേഷനിൽ ഇപ്പോൾ ജീപ്പുകൾ നൽകിയിട്ടുണ്ട് ;

(ബി) അളകപ്പനഗർ സ്റ്റേഷന്റെ വിചാരണാധികാരത്തിൽ വളരെ വിപുലമാണെന്നും, ബസ്സുസൗകര്യമില്ലാത്ത പല എസ്റ്റേറ്റുകളും ഈ അതിർത്തിയിൽ പെടുന്നുവെന്നും അറിവുണ്ടോ ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) മറ്റു പോലീസ് സ്റ്റേഷനിലും ഇപ്പോൾ ജീപ്പുകൾ നൽകിട്ടില്ല.

(ബി) അറിവുണ്ട്.

വിദ്യാഭ്യാസസൗജന്യം

* ക്ക ക്ക ൽ. (ൻ്റ) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ അവശസമുദായകുടുംബാനികൾക്കുടെ അടുത്തു വരുന്ന പത്തുവർഷത്തേക്ക് അവശഹിന്ദുക്കൾക്ക നൽകുന്നതുപോലെയുള്ള വിദ്യാഭ്യാസപ്രോത്സാഹനം നൽകേണ്ടതാണെന്ന് മൻമന്ത്രി നവംബർമാസത്തിൽ ഗവമെന്റു വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ ;

(ബി) ഇതേസംബന്ധിച്ചു ഗവമെന്റ് ഇതിനകം എന്തു ഓർഡറുകൾ പാസാക്കിയിട്ടുണ്ട് ;

(സി) ഒരുവർഷകാലമായിട്ടും പ്രസ്തുത ഗവമെന്റു തീരുമാനം നടപ്പിൽ വരുത്താതിരിക്കുന്നതിനുള്ള കാരണമെന്തു ?

വ്യവസായവും എക്സൈസും തൊഴിൽസഹായംതൊണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണുരാമൻ):

(എ) ഉണ്ട്.

(ബി) മുന്നു.

(സി) തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. അതനുസരിച്ചു കാട്ടിലും സ്കൂളിലും പഠിക്കുന്ന അവശസമുദായകുടുംബാനികളായ വിദ്യാർത്ഥികൾക്കു നിർബന്ധസ്കോളർഷിപ്പിനേയും സമുദായസ്കോളർഷിപ്പിനേയും അപേക്ഷിക്കുവാൻ ഫീസും സൗജന്യം ഇപ്പോൾ കൊടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly